No. of Printed Pages : **6**

**9203**

Register Number

# Language – Part I – MALAYALAM

Time Allowed : 3.00 Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനു വേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പം ഉണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നത് **കറുപ്പോ നീലയോ** നിറത്തിലുള്ള മഷി ഉപയോഗിച്ചായിരിക്കണം.

## പാർട്ട് - I

**(15 മാർക്ക്)**

(i) **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക. **15x1=15**

Answer **all** questions.

(ii) തന്നിട്ടുള്ളതിൽ നിന്ന് **ശരിയായ** ഉത്തരം തെരഞ്ഞെടുത്തെഴുതുക.

Choose the **correct** answer from the options given below.

**1.** ആരാണ് ശിവനെ കാണാൻ കൈലാസത്തിലേക്ക് പോയത് ?

(a) ശ്രീരാമൻ (b) പരശുരാമൻ (c) ശ്രീകൃഷ്ണൻ (d) രാവണൻ

**2.** 'കാടിനു കാവൽ' ആരെഴുതിയ കൃതിയാണ് ?

(a) സുജാതാദേവി (b) ജീവൻ ജോബ് തോമസ്

(c) സുഗതകുമാരി (d) എസ്.വി. വേണുഗോപൻ നായർ

**3.** സൂര്യനെ ചുറ്റാൻ പുത്തൻ സൂര്യനായിത്തന്നെ മാറണമെന്ന് കവി ആരോടാണ് പറയുന്നത് ?

(a) ഉണ്ണിയോട് (b) പൂക്കളോട് (c) കിളിയോട് (d) കാറ്റിനോട്

**4.** രസാത്മകമായ ഷോട്ടുകളുടെ സംഘാതമാണ് __________.

(a) സാഹിത്യം (b) സിനിമ (c) നാടകം (d) കഥകളി

**5.** മത്തേഭം – അർത്ഥമെഴുതുക.

(a) ആന (b) വണ്ട് (c) കുയിൽ (d) മയിൽ

[ Turn over

6. സിദ്ധി – അർത്ഥമെഴുതുക.
(a) ഭാവം (b) കഴിവ് (c) അലസത (d) അജ്ഞത

7. ആരോഹണം – വിപരീതപദമെഴുതുക.
(a) അനാരോഹണം (b) രോഹണം (c) അവരോഹണം (d) ഹരണം

8. വെൺ + ചാമരം = വെഞ്ചാമരം - സന്ധിയെന്ത് ?
(a) ആഗമസന്ധി (b) ആദേശസന്ധി (c) ലോപസന്ധി (d) ദ്വിത്വസന്ധി

9. സമാസം നിർണ്ണയിക്കുക - സസന്തോഷം
(a) ദ്വന്ദ്വസമാസം (b) അവ്യയീഭാവസമാസം
(c) ബഹുവ്രീഹിസമാസം (d) തൽപുരുഷൻ

10. നവോദ്ധാനം – തെറ്റുതിരുത്തുക.
(a) നവോധാനം (b) നവോത്ഥാനം (c) നവോഥാനം (d) നവോദ്ത്ഥാനം

11. ഞങ്ങൾ സിനിമയ്ക്ക് പോകുന്നു. – കാലമേത് ?
(a) വർത്തമാനകാലം (b) ഭാവികാലം
(c) ഭൂതകാലം (d) ക്രിയ

പദ്യഭാഗം വായിച്ച് താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(12, 13, 14, 15)**
Read the poem and answer the following questions. **(12, 13, 14, 15)**

''നമ്മളെപ്പോലെ മുഖച്ഛായയുള്ളവർ
നമ്മളെക്കാളുമൊരംഗം കുറഞ്ഞവർ
ആരീയിരുകാലിജീവികൾ അമ്മയോ-
ടാരാഞ്ഞു കൊമ്പത്തു കൈശോര മർക്കടം!''

12. ആരുടെ വാക്കുകളാണിവ ?
(a) കുട്ടിക്കുരങ്ങ് (b) തള്ളക്കുരങ്ങ് (c) കവി (d) കുട്ടികൾ

13. 'നമ്മളെപ്പോലെ മുഖച്ഛായയുള്ളവർ' – ആരാണ് ?
(a) മനുഷ്യർ (b) കുരങ്ങൻ (c) കുട്ടികൾ (d) തള്ളക്കുരങ്ങ്

14. ഏതു കവിതയിലെ വരികളാണിവ ?
(a) പാഠശാല (b) ശിഷ്യനും മകനും
(c) ഗൃഹാലങ്കാരം (d) കുരങ്ങു പറഞ്ഞത്

15. ആരാണ് ഈ കവിത എഴുതിയത് ?
(a) മേലൂർ ദാമോദരൻ (b) അക്കിത്തം
(c) വള്ളത്തോൾ (d) സുഗതകുമാരി

## പാർട്ട് - II
### (18 മാർക്ക് )
### ഭാഗം - 1

**രണ്ടോ മൂന്നോ** വാക്യത്തിൽ ഉത്തരം എഴുതുക. **(ഏതെങ്കിലും നാലെണ്ണം)** 4x2=8
Answer in **two** or **three** sentences. **(any four)**

**16.** പാഴ്ച്ചുവടൂന്നി നടക്കുന്നതാര് ?

**17.** മേശാന്തി ആനപ്പുറത്തു നിന്ന് താഴെ വീഴാതിരുന്നത് എന്തുകൊണ്ട് ?

**18.** 'അതിന്നുപേരാവാമാനന്ദം' എന്തിനെക്കുറിച്ചാണ് കവി ഇപ്രകാരം പറയുന്നത് ?

**19.** വാക്കുകൾക്ക് മൂല്യശോഷണം സംഭവിക്കുന്നത് എങ്ങനെ ?

**20.** ആശാന്റെ ഏതെല്ലാം കൃതികളാണ് എം.ആർ.ബി പരാമർശിക്കുന്നത് ?

**21.** സംഗീതം മനുഷ്യ സംസ്കാരത്തിന്റെ പ്രതിഫലനമായതെങ്ങനെ ?

### ഭാഗം - 2

**ഏതെങ്കിലും അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക. 5x2=10
Answer **any five** questions.

**22.** മധുരമായി പാടി. സമ്മാനം നേടി. (ഒറ്റവാക്യമാക്കുക)

**23.** വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നു. (പ്രയോഗം മാറ്റുക)

**24.** 'വീണയാൽ' എന്ന പദം ഏതു വിഭക്തിയിൽ പെടുന്നു ?

**25.** വള്ളത്തോൾ എന്ന കവി, യാഗത്തിനുള്ള അശ്വം (ഒറ്റപ്പദമാക്കുക)

**26.** യുവാവ്, നരൻ (എതിർലിംഗം എഴുതുക)

**27.** താങ്കൾക്ക് എങ്ങോട്ടാണ് പോകേണ്ടത് (ഉചിതമായ ചിഹ്നം ചേർക്കുക)

**28.** എല്ലാ വർഷന്തോറും ഞങ്ങൾ വിനോദയാത്ര പോകും (തെറ്റു തിരുത്തുക)

## പാർട്ട് - III
## (18 മാർക്ക് )
### ഭാഗം - 1

**ഏതെങ്കിലും രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **2x3=6**

Answer **any two** questions.

**29.** പാഠശാലയ്ക്ക് ഒഴിവായതുകൊണ്ട് എന്തു ചെയ്യണമെന്നാണ് ഉണ്ണി കരുതിയത് ?

**30.** എങ്ങനെയെല്ലാമായിത്തീരാനാണ് കവി ഉണ്ണിയോട് പറയുന്നത് ?

**31.** തന്നെ വിണ്ണിലേയ്ക്ക് വിളിക്കേണ്ടെന്ന് പറയുന്നതെന്തുകൊണ്ട് ?

### ഭാഗം - 2

**ഏതെങ്കിലും രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. (**34**-ാ മത്തെ ചോദ്യത്തിന് **നിർബന്ധമായും** ഉത്തരം എഴുതേണ്ടതാണ്.) **2x3=6**

Answer **any two** questions. (Question No. **34** is **compulsory**)

**32.** മിശ്ര സംസ്കാരം പേറുന്ന ഗ്രാമത്തെക്കുറിച്ച് ലേഖകൻ പറയുന്നതെന്ത് ?

**33.** തലച്ചോറിനുള്ള വിശേഷ സിദ്ധികളെന്തെല്ലാം ?

**34.** (a) കർണാട്ടിക് മ്യൂസിക് എന്നു വിളിക്കുന്ന സംഗീതശാഖയെക്കുറിച്ച് എഴുതുക.

**അല്ലെങ്കിൽ**

(b) പഴശ്ശികലാപത്തിനുശേഷം വയനാട്ടിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമായിരുന്നു ?

### ഭാഗം - 3

**ഏതെങ്കിലും രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **2x3=6**

Answer **any two** questions.

**35.** ദീപകാലങ്കാരത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക.

**36.** മഞ്ജരി വൃത്തത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക.

**37.** സർവ്വനാമം എന്നാലെന്ത് ? അതിന്റെ തരങ്ങൾ എഴുതുക.

## പാർട്ട് - IV

**(25 മാർക്ക്)**

**എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക. **5x5=25**

Answer **all** the questions.

**38.** (a) നിങ്ങൾ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിനോദയാത്രയ്ക്ക് അനുവാദം ചോദിച്ചുകൊണ്ട് അച്ഛന് ഒരു കത്തെഴുതുക.

**അല്ലെങ്കിൽ**

(b) നിങ്ങൾ സന്ദർശിച്ച പ്രകൃതിസുന്ദരമായ ഒരു സ്ഥലത്തെക്കുറിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക.

**39.** ആശയം വിപുലീകരിച്ച് എഴുതുക.

(a) വിദ്യാധനം സർവ്വധനാൽ പ്രധാനം.

**അല്ലെങ്കിൽ**

(b) ഐകമത്യം മഹാബലം

**40.** നഷ്ടപ്പെട്ട സൈക്കിൾ കണ്ടുപിടിച്ചു തരാൻ ആവശ്യപ്പെട്ടുകൊണ്ട് പോലീസിന് ഒരു പരാതി തയ്യാറാക്കുക.

**41.** 'ഗൃഹാലങ്കാരം' എന്ന കവിതയിലെ ആശയം സ്വന്തം വാക്യത്തിലെഴുതുക.

**42.** പദ്യഭാഗം പൂരിപ്പിക്കുക.

Quote from memory.

(a) കാണെക്കാണെ ........................

........................ പാഴ്ച്ചുവടൂന്നി

**അല്ലെങ്കിൽ**

(b) മേശാന്തിയല്ലയോ ....................

................................... ഗൗരവം

[ Turn over

## പാർട്ട് - V

**(24 മാർക്ക്)**

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 3x8=24

Answer **all** the questions.

**43.** (a) വേനൽപ്പാടത്തെ പച്ചത്തുരുത്തുകളായി മാറിയ കായ്കറി കൃഷിയെ ഹൃദ്യമായ അനുഭവമാക്കിയത് എങ്ങനെയെന്ന് വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) എഞ്ചുവടിയും മനക്കണക്കും എന്ന ലേഖനത്തിൽ നിന്നും ലഭിക്കുന്ന ജീവിതപാഠങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുക.

**44.** (a) 'തത്തകൾ' എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക.

**അല്ലെങ്കിൽ**

(b) 'അജഗജാന്തരം' എന്ന കഥയുടെ ഇതിവൃത്തം എഴുതുക.

**45.** (a) ''മൊബൈൽ ഫോണിന്റെ നന്മയും തിന്മയും'' – ഒരു ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(b) 'കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യ' ത്തെക്കുറിച്ച് ഉപന്യസിക്കുക.

**- o O o -**